## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2621 — 14.2.2013-ലെ മറുപടിക്ക്

### ഫോർമാലിൻ കലർന്ന മത്സ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മത്സ്യത്തിൽ ഫോർമാലിൻ കലർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ഇത് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ; | ബി) നിലവിൽ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |
| സി) ഫോർമാലിൻ കലർന്ന മത്സ്യം സ്ഥിരമായി കഴിക്കുന്നതുകൊണ്ട് കാൻസർ മുതലായ മാരകരോഗങ്ങൾ വരാൻ സാധ്യതയേറുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ഫോർമാലിൻ കലർന്ന മത്സ്യം മാത്രമല്ല മറ്റ് ഏത് ഭക്ഷണം കഴിച്ചാലും കാൻസർ അടക്കമുള്ള മാരക രോഗം വരുവാനുള്ള സാധ്യതയെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തി വരുന്നു. |
| ഡി) ഫോർമാലിൻ കലർന്ന മത്സ്യം സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയുന്നതിന് കർശനമായ നടപടി സ്വീകരിക്കുമോ? | ഡി) നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ